# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാഴക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 7/2908/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/02/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 7/2908/2022 തീയ്യതി: 04/02/2023

## മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-07-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-11-2022 | 30-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-11-2022 | 30-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അബ്ദുല്ല എസി, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ മുഹമ്മദ് ഫസലുറഹ്മാൻ എം ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അബ്ദുസ്സലാം പി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഹുസ്ന വിസി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അബ്ദുൾറഹിമാൻ മാസ്റ്റർ മലയിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ സനൽകുമാർ എ പി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഹുമയൂൺ കബീർ ടി വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ടിൻസി ടോം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ പ്രിയ എ ആർ | വെറ്ററിനറി സർജൻ | 01-04-2021 | 26-12-2021 |
| ഡോ ജനീഷ അഹമ്മദ് | വെറ്ററിനറി സർജൻ | 27-12-2021 | 31-03-2022 |
| ശ്രീ രഞ്ജുമോൻ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 04-07-2021 |
| ശ്രീമതി അനഘ എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 05-07-2021 | 31-03-2022 |
| ഡോ ഹബീനത്ത് കെ എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ ബൈജു എം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി ഗ്രേസി കെ പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ രാമചന്ദ്രൻ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി സുലോചന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-06-2021 |
| ശ്രീമതി സുസ്മിത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-07-2021 | 31-03-2022 |
| ശ്രീ പ്രയേഷ് എൻ | അസി. സെക്രട്ടറി ഇൻ ചാർജ് | 01-04-2021 | 31-05-2021 |
| ശ്രീമതി ശ്രീകുമാരി എൽ | അസി. സെക്രട്ടറി | 01-06-2021 | 22-07-2021 |
| ശ്രീ സുനിൽകുമാർ എസ് | അസി. സെക്രട്ടറി | 23-07-2021 | 24-01-2022 |
| ശ്രീ ബിജീഷ് സി | അസി. സെക്രട്ടറി | 25-01-2022 | 23-02-2022 |
| ശ്രീ സുരേഷ് കുമാർ എസ് | അസി. സെക്രട്ടറി | 24-02-2022 | 31-03-2022 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷൻ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്ക് -അപാകതകൾ | 1-11 |
| 12 | കൃഷി ഓഫീസർ- രശീതി ബുക്ക് പ്രകാരം പിരിച്ചെടുക്കുന്ന തുക കൃത്യമായി പഞ്ചായത്തിൽ ഒടുക്ക് വരുത്തുന്നില്ല. | 1-12 |
| 13 | തൊഴിൽ നികുതി അടവാക്കുവാൻ അവശേഷിക്കുന്നു. | 1-13 |
| 14 | മൊബൈൽ ടവറിന്റെ വസ്തുനികുതി -ടവറിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്തിയിട്ടില്ല | 1-14 |
| 15 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി, വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-15 |
| 16 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-16 |
| 17 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ - കുടിശ്ശിക നിലനിൽക്കുന്നു. | 1-17 |
| 18 | പോലീസ് സ്റ്റേഷനായി ഉപയോഗിക്കുന്ന കെട്ടിടത്തിന്റെ വാടക- തുടർ നടപടി വിവരം ലഭ്യമാക്കിയിട്ടില്ല | 1-18 |
| 19 | ലൈസൻസ് അനുവദിക്കൽ- അപാകതകൾ | 1-19 |
| 20 | പോഷകാഹാര വിതരണം- അപാകതകൾ | 1-20 |
| 21 | സർക്കാർ അനുമതിക്ക് വിരുദ്ധമായി ARTCO യിൽ നിന്നും വാങ്ങൽ നടത്തി. | 1-21 |
| 22 | ഉദ്ഘാടന ചെലവ് - സർക്കാർ നിർദേശ പ്രകാരമുള്ള പരിധി പാലിച്ചില്ല | 1-22 |
| 23 | MGNREGS അക്കൗണ്ട് - തുക തിരികെ അടവാക്കൽ - വിശദാംശങ്ങൾ ലഭ്യമല്ല | 1-23 |
| 24 | റിഫ്രഷ്മെന്റ് ചാർജ് - അധിക തുക അനുവദിച്ചു | 1-24 |
| 25 | ഫ്.എച്ച്.സിയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല | 1-25 |

| | | |
|---|---|---|
| 26 | തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ | 1-26 |
| 27 | സ്ലീറ്റ് ടാപ്പ് - സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തിയില്ല | 1-27 |
| 28 | ചെലവ് അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല | 1-28 |
| 29 | സോളാർ പാനൽ സ്ഥാപിക്കൽ - പൂർത്തീകരണ വിവരം ലഭ്യമല്ല | 1-29 |
| 30 | മുൻകൂർ തുക നൽകി - മരുന്നുകൾ മുഴുവനും ലഭ്യമായില്ല | 1-30 |
| 31 | മെഡിക്കൽ ഓഫീസർ ഹോമിയോ- മരുന്ന് ലഭ്യമായിട്ടില്ല. | 1-31 |
| 32 | കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-32 |
| 33 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-33 |
| 34 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല | 1-34 |
| 35 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-35 |
| 36 | മരാമത്ത് പ്രവൃത്തികൾ - അധികം നൽകിയ ₹ 249611 തിരിച്ചടച്ചു. | 1-36 |
| 37 | എയ്ഡഡ് സ്കൂളിലെ ടോയ്‌ലെറ്റ് നിർമാണം - അപാകതകൾ | 1-37 |
| 38 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ | 1-38 |
| 39 | ഓഡിറ്റ് പരാമർശങ്ങളിൽ തുടർ നടപടി സ്വീകരിക്കുന്നില്ല. | 1-39 |
| 40 | കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-40 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഉദ്ഘാടന ചെലവ് - സർക്കാർ നിർദേശ പ്രകാരമുള്ള പരിധി പാലിച്ചില്ല | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1(1) തിയതി 22.02.2021 | 2(1) തിയതി 23.03.2022 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 17.09.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23418478 |
| വരവ് | 96287171 |
| ആകെ | 119705649 |
| ചെലവ് | 89469747 |
| നീക്കിയിരിപ്പ് | 30235902 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18865534 | 18865534 | 18289215 | 576319 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9524666 | 9524666 | 8009440 | 1515226 |
| വികസനഫണ്ട് ടി.എസ്.പി | 0 | 121000 | 121000 | 115920 | 5080 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -(Untied) | 0 | 3858000 | 3858000 | 3793034 | 94966 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 11212264 | 11212264 | 2900764 | 8311500 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12434000 | 12434000 | 4917279 | 7516721 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6554699 | 6554699 | 6040818 | 515881 |
| ബി ഫണ്ട് | 0 | 74574300 | 74574300 | 74574300 | 0 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 299 | 104493231 | 254 | 74898968 | 9 | 36 | 84.94 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 286678 | 752044 | 1038722 | 1010966 | 27756 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27006704 | 27006704 | 27006704 | 0 |

## 1-7 ക്ഷേമപെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3600 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 15430000 | 989 |
| വിധവാപെൻഷൻ | 17870400 | 1112 |
| വാർദ്ധക്യകാലപെൻഷൻ | 30800300 | 2306 |
| വികലാംഗപെൻഷൻ | 9201500 | 603 |
| വിവാഹ ധനസഹായം | 270000 | 9 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 998500 | 62 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2022 ന് 2.15 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14246/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
1. GO(P) No.177/2006/FIN Dt 12.4.06 പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രോജെക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഐ സി ഡി എസ് , വി ഇ ഒ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജെക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
3. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ , വാട്ടർ ടാപ്പ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
4.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.06.2022 | 2021-2022 | 25.06.2022 |
| എ.ജി ഓഡിറ്റ് | 04.11.2016-15.11.2016 | 2011-12 To 2015-16 | 2.2.2017 |

## 1-11 വാർഷിക കണക്ക് -അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ-ചട്ടം 62 E,F എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടിത്തിയിട്ടില്ല.

2)2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(2)4 പ്രകാരം തുകകൾ പൂർണ്ണ രൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ നിബന്ധന പാലിച്ചിട്ടില്ല (ഉദാ. Schedule B1, Schedule B9).

ചുവടെ ചേർത്ത രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

2. കെട്ടിട ക്രമവൽക്കരണ രജിസ്റ്റർ

3. പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ

4. പട്ടി, പന്നി എന്നിവ വളർത്തുന്നതിനുള്ള ലൈസൻസ് ഫീ രജിസ്റ്റർ

3).തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് | 1750270 | 1704270 | ഇല്ല |
| ഡിമാന്റ് രജിസ്റ്റർ | 1819880 | 1797900 | 21980 |

* വാർഷിക കണക്കിലെ ഡിമാന്റും കളക്ഷനും തമ്മിൽ 46000/- രൂപയുടെ വ്യത്യാസം ഉണ്ട്. ആയത് ബാലൻസ്ഷീറ്റിൽ B 15 ൽ കുടിശ്ശിക ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) B 5 Secured Loan ഇനത്തിൽ 3122535/- രൂപ ബാധ്യത നിലനിൽക്കുന്നുണ്ട്. ലോൺ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

5). ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്കുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

6). മുൻകൂർ രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ വിവധ ഇനത്തിൽ മുൻകൂർ നൽകിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7).ചുവടെ ചേർത്ത അക്കൗണ്ടുകളുടെ 2022 മാർച്ച് മാസത്തെ ബാങ്ക് പാസ് ബുക്ക് / ബാങ്ക് സ്റ്റേറ്റ്മെന്റ്, ബാങ്ക് റീ കൺസീലിയേഷൻ പത്രിക എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പിന്റെ (RP 40 B) കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| അക്കൗണ്ട് നമ്പർ | ലഭ്യമാക്കാത്ത രേഖ (മാർച്ച് 2022) |
|---|---|
| 33419372437(SBI Sand) | ബാങ്ക് പാസ് ബുക്ക് / ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 090241201000001 MDC (LITERACY) | ബാങ്ക് പാസ് ബുക്ക് / ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 40624111000177 KGB E Payment | ബാങ്ക് പാസ് ബുക്ക് / ബാങ്ക് സ്റ്റേറ്റ്മെന്റ് |

| | |
|---|---|
| 4361000100103816 PNB MGNREGS | ബാങ്ക് പാസ് ബുക്ക് / ബാങ്ക് സ്റ്റേറ്റ്മെന്റ്, ബാങ്ക് റീ കൺസീലിയേഷൻ പത്രിക |
| Treasury Special TSB Joint Venture | ബാങ്ക് പാസ് ബുക്ക് / ബാങ്ക് സ്റ്റേറ്റ്മെന്റ്, ബാങ്ക് റീ കൺസീലിയേഷൻ പത്രിക |

8) വാർഷിക കണക്കിൽ (RP40b) രേഖപ്പെടുത്തിയ വിവിധ അക്കൗണ്ടുകളിൽ മുകളിൽ സൂചിപ്പിച്ച അക്കൗണ്ടുകൾ ഒഴികെയുള്ളതിന്റെ ലഭ്യമാക്കിയ ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

9)B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള എതൊക്കെ സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളാണ് തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചത് എന്നത് വ്യക്തമാക്കേണ്ടതും ആയവക്ക് എ സി ആർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

10)ആസ്തി രജിസ്റ്റർ ആസ്തികളുടെ മൂല്യം ചേർത്ത് കാലികമാക്കിയിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

11) B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പദ്ധതികൾക്കായുള്ള വിഹിതത്തിൽ 475001/-രൂപ (ബ്ലോക്ക് പഞ്ചായത്ത് &ജില്ലാ പഞ്ചായത്ത് ) നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ B17 പ്രകാരം മേൽ ഉദ്ദേശത്തിനായുള്ള ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് 472476 – രൂപയാണ്.

12) ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കുമുള്ള ലൈസൻസ് ഫീ ഡിമാന്റ് വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ലൈസൻസ് ഫീ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് | 272000 | 271800 | ഉൾപ്പെടുത്തിയിട്ടില്ല |
| ഡിമാന്റ് രജിസ്റ്റർ | 269700 | 269700 | 0 |

ട്രേഡേഴ്സ് തൊഴിൽ നികുതി

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് | 651180 | 371760 | 0 |
| ഡിമാന്റ് രജിസ്റ്റർ | 773810 | 773810 | 0 |

13) Receipts From Auction Of Obsolete Assets എന്ന ഇനത്തിൽ 82798 രൂപയും , Sale Of Scrap എന്ന ഇനത്തിൽ 54488 രൂപയും വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധിക്കുന്നതിനുള്ള രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

14)ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള മരങ്ങളിലെ മേലനുഭവങ്ങൾ ലേലം കൊണ്ടത് 5050/- (03.03.2021, ഹാരിസ് സി) രൂപക്കാണ്. ആയതിൽ 4050/- 121060101363/16.07.21 ന് അടവാക്കിയിട്ടുണ്ട്. (RP 43). 1000/- രൂപ 1200601069621/03.03.21 നമ്പർ രസീത് പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റായി അടവാക്കിയത് വരവിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി-13/25.11.22 മറുപടി ലഭ്യമാക്കിയിട്ടില്ല)
അപാകതകൾ പരിഹരിക്കേണ്ടതും പരിശോധനക്ക് ലഭ്യമാക്കാത്ത ബാങ്ക് റികൺസിലിയേഷൻ പത്രികകൾ, ബാങ്ക് സ്റ്റേറ്റ്മെന്റ്, രജിസ്റ്ററുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

## 1-12 കൃഷി ഓഫീസർ- രശീതി ബുക്ക് പ്രകാരം പിരിച്ചെടുക്കുന്ന തുക കൃത്യമായി പഞ്ചായത്തിൽ ഒടുക്ക് വരുത്തുന്നില്ല.

2011 ലെ കേരളാ പഞ്ചായത്ത് രാജ് ( അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം പഞ്ചായത്തിനു വേണ്ടി സ്വീകരിച്ച എല്ലാ പണവും അതേ ദിവസം തന്നെ കാഷ് ബുക്കിൽ/ബാങ്ക് ബുക്കിൽ രേഖപ്പെടുത്തേണ്ടതും കൂടാതെ ചട്ടം 23 പ്രകാരം കാഷ് , മണി ഓർഡർ, ചെക്ക് ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ കൃഷി ഭവനിൽ വിവിധ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത തുകകൾ ദിവസങ്ങളോളം അടവാക്കാതെ കൈവശം സൂക്ഷിച്ചതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രശീതു ബുക്ക് നമ്പർ | പിരിച്ചെടുത്ത തിയതി/ തുക | ആകെ പിരിച്ചെടുത്ത തുക | ഗ്രാമപഞ്ചായത്തിൽ അടവാക്കിയ തിയതി/രസീത് നമ്പർ |
|---|---|---|---|
| 21276 (1-20 വരെയുള്ള രശീതി) | 25.09.21-10500<br>26.09.21-17500<br>27.09.21-3500<br>28.09.21-21000<br>29.09.21-14000 | 65000 | 30.09.21/121060103126 |
| 21301 | 22.10.21 -1600<br>23.10.21-1200<br>25.10.21-2000<br>26.10.21-1200<br>27.10.21-2600<br>28.10.21-4000<br>29.10.21-3400<br>30.1021-1600<br>01.11.21-200<br>02.11.21-200<br>03.11.21-800<br>5.11.21-800<br>06.11.21-200<br>08.11.21-200 | 36000 | 24.11.21/ 121060104346 |
| 21304 | 08.11.21 -1000<br>09.11.21-1200<br>10.11.21-600<br>11.11.21-600<br>12.11.21-600<br>15.11.21-1400<br>16.11.21-1400 | | |

| | | | |
|---|---|---|---|
| | 17.11.21-800<br>18.11.21-1000<br>20.11.21-600<br>22.11.21-200<br>23.11.21-200<br>24.11.21-6400 | | |
| 21304 | 24.11.21-1600<br>25.11.21-2400 | 14000 | 01.12.21/121060104505 |
| 21276 (21-70 വരെയുള്ള രശീതി) | 25.11.21 -600<br>26.11.21-2200<br>27.11.21-800<br>29.11.21-2200<br>30.11.21-3000<br>01.12.21-1200 | | |
| 7157 | മിക്ക രശീതികളിലും തിയതി രേഖപ്പെടുത്തിയിട്ടില്ല. | 25000 | 26.03.22/121060110661 |
| 7160 | | | |

വരവ് തുക കാഷ് ബുക്കിൽ രേഖപ്പെടുത്താതിനും ഗ്രമപഞ്ചായത്തിൽ ഒടുക്ക് വരുത്താത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(12/26.11.22) ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. പിരിച്ചെടുക്കുന്ന തുകകൾ കൃത്യമായി കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നതിനും കാലതാമസം വരുത്താതെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി അടവാക്കുവാൻ അവശേഷിക്കുന്നു.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെ കൊടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കണ്ടു.

| ജീവനക്കാരന്റെ/സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത നികുതിയുടെ വിവരം |
|---|---|
| ദാറുൽ ഉല്ലൂം ട്രൈനിംഗ് കോളേജ് | 1 & 2 അർദ്ധവർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി |
| സപ്ലൈക്കോ മാവേലി സ്റ്റോർ വാഴക്കാട് | 2ാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/24.11.22) ന് മേൽ

സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറിന്റെ വസ്തുനികുതി -ടവറിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്തിയിട്ടില്ല

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 26.2.2022ലെ ആർ.ഡി.3/94/2020/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി കണക്കാക്കുന്നതിന് മൊബൈൽ ടവറിന്റെ തറവിസ്തീർണം + ജനറേറ്റർ + മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം എന്നിവ ഉൾപ്പെടുത്തണമെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് എന്ന മൊബൈൽ ടവറിന് വസ്തു നികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ച് നൽകിയതിന്റെ ഫയൽ പരിശോധിച്ചതിൽ ടവറിന്റെ തറവിസ്തീർണം നികുതി നിർണ്ണയിച്ചതിന് പരിഗണിച്ചിട്ടില്ലായെന്ന് വ്യക്തമായി . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | A2/8675/2020<br>തിയ്യതി-29.12.2020 |
| റെഗുലറൈസേഷൻ നമ്പർ | A2 BA (127036)/2021<br>തിയ്യതി 19.01.21 |
| സർവ്വെ നമ്പർ | 12/1.95/19-4 |
| നികുതി നിർണയത്തിന് പരിഗണിച്ച വിസ്തീർണം | 14.85ച.മീ.(ഷെൽട്ടർ) |
| നിർണ്ണയിച്ച നികുതി | 14.85x400+20% Road= 7128+ 537 LC |
| അനുവദിച്ച നമ്പർ | 2/467 G |

ടവറിന്റെ തറവിസ്തീർണ്ണവും കൂടി പരിഗണിച്ച് വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 14/26.11.22 ണരുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-15 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി, വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഇളവും വർദ്ധനവും വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ 20% വർദ്ധനവും 5 മീറ്ററിൽ കുറവും 1.5 മീറ്ററിൽ കൂടുതലും വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ ഇളവോ വർദ്ധനവോ ഇല്ല.

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിട നമ്പർ നൽകി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത കെട്ടിടത്തിന് മേൽ ചട്ടപ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടില്ലയെന്ന് ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട ഉടമ | ജുനൈസ് ബാബു ജി എച്ച് |
| സർവ്വേ നമ്പർ | 177/3-4-1, 177/3-7-2 |
| പെർമിറ്റ് നമ്പർ | A2-BA(24557)/2022/20.01.22 |
| കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ വിസ്തീർണ്ണം | 288.68 M2<br>(72.17 X 4) |
| കെട്ടിടത്തിന്റെ തരം | ലോഡ്ജ് |

| | |
|---|---|
| ഫോം 6 പ്രകാരം റോഡിന്റെ തരം | 1.5 മീറ്ററിൽ കൂടുതൽ |
| കംപ്ലീഷൻ പ്ലാൻ പ്രകാരം റോഡിന്റെ വീതി | 6 മീറ്റർ |
| അനുവദിച്ച കെട്ടിട നമ്പർ | 12/471 J,K,L,M |
| നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ | 72.17x20=(1444+73 LC)*4<br>=5776+292 LC |
| നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി | 72.17 X 20 +20% Road=(1733+87 LC)*4<br>=6932+348 LC |
| കുറവ് | 1156+56 LC |
| നികുതി പ്രാബല്യം | 2021-22 II Half മുതൽ |

(കുറിപ്പ്- സമർപ്പിച്ച പ്ലാൻ നിലവിലുള്ള കെട്ടിടത്തിന്റെ രണ്ടാം നിലയിൽ പുതുതായി നിർമ്മിച്ചിട്ടുള്ളതിന് നമ്പർ നൽകുന്നതിനുള്ളതിനാണ്. (നിലവിൽ ആകെ വിസ്തീർണ്ണം 831.34 M2). നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതും കൂടി പരിശോധിക്കേണ്ടതാണ്.)

റോഡിന്റെ തരം തെറ്റായി കാണിച്ച് വസ്തു നികുതി കറവായി നിർണ്ണയിച്ചതിനു വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/28.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടം പരിശോധിച്ച് നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ സഞ്ചയയിൽ നിന്നും ലഭ്യമാക്കിയ വസ്തുനികുതി നിരക്ക് പ്രകാരം 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപയും, 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 30 രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്കായി ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള വ്യത്യസ്ത മുറികളാക്കി വ്യത്യസ്ത നമ്പറുകൾ നൽകുമ്പോഴും കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കിലെടുത്ത് 50 രൂപ നിരക്കിൽ തന്നെയാണ് ഗ്രാമപഞ്ചായത്ത് നികുതികൾ നിർണ്ണയിക്കുന്നതും ഈടാക്കുന്നതും.

എന്നാൽ പഞ്ചായത്ത് പരിധിയിലെ മജീദ്, മുഹമ്മദ് സലൂബ് & അഷ്റഫ് എന്നവർക്ക് നമ്പർ അനുവദിച്ച കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ വസ്തുനികുതി കണക്കാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | A2/10206/2021<br>/14.12.21(റെഗുലറൈസേഷൻ) |
| സർവ്വേ നമ്പർ | 156/7-2, 156/14-2 |
| കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ | 995.56 M2<br>(27.25x1, 68.56x7, 69.77x7) |

| | |
|---|---|
| ആകെ വിസ്തീർണ്ണം | |
| അനുവദിച്ച കെട്ടിട നമ്പർ | 11/1196 A മുതൽ O വരെ |
| വസ്തു നികുതി നിർണ്ണയിച്ചതിന്റെ വിശദാംശം | 27.25x30+ Road 20%=981+50 LC<br>68.56x30+ Road 20%= (2469+ 124 LC)*7<br>69.77x30+ Road 20% - FF 5%=(2387+120LC)*7<br>ആകെ= 34973 + 1758 LC |
| നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി | 27.25x50+ Road 20%=1635+82 LC<br>68.56x50+ Road 20%= (4114+ 206 LC)*7<br>69.77x50+ Road 20% - FF 5%=(3977+199LC)*7<br>ആകെ= 58272 + 2917 LC |
| നിർണ്ണയിച്ചതിൽ കുറവ് | 23299+1159 LC |
| നികുതി പ്രാബല്യ തിയതി | 2021 -22 Second Half മുതൽ. |

വസ്തു നികുതി കുറവായി നിർണ്ണയിച്ചതിനു വിശദീകരണം ലഭ്യമാക്കുന്നതിനും കെട്ടിടത്തിനു ക്രമവൽക്കരണ ഫീസ് ഈടാക്കിയതിന്റെ വിശദാംശങ്ങളും പരിശോധനക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(27/28.11.22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടം പരിശോധിച്ച് നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ - കുടിശ്ശിക നിലനിൽക്കുന്നു.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാടക അടവാക്കിയതിന്റെയും ലഭ്യമാകുവാനുള്ള കുടിശ്ശികയുടെയും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ആയതിന്റെ വിശദവിവരം പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി ( 9/24.11.22)ക്ക് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം നാളിതുവരെ ഗ്രാമപഞ്ചായത്തിനു ലഭ്യമാകുവാനുള്ള വാടക കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവട ചേർക്കുന്നു.

| ക്രമ നമ്പർ | റൂംനമ്പർ | ഉടമ | ഓഡിറ്റ് കാലയളവ് വരെയുള്ള കുടിശ്ശിക വിവരം (31.10.22) |
|---|---|---|---|
| 1 | 1 | മുനീർ | 12245 |
| 2 | 6 | എംടി അബ്ദുറഹിമാൻ | 15978 |
| 3 | 15 | കെകെ മുഹമ്മദ് | 143046 |

| | | | |
|---|---|---|---|
| 4 | 24 | കെകെ മുഹമ്മദ് | 99963 |
| 5 | 25 | റഷീദലി | 258696 |
| 6 | 4A | പിടി റഹ്മത്തുള്ള | 51512 |
| 7 | 7A | നിഹ്മത്തുള്ള | 36434 |
| 8 | 13A | ടിടി അബ്ദുൽ ഗഫൂർ | 68087 |
| 9 | 14A | മൂസ്സക്കുട്ടി | 30702 |
| 10 | 332 | ഉണ്ണിമമ്മദ് | 938 |
| 11 | 339B | ആമിന | 8009 |
| | | ആകെ | 725610 |

കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് വിവരം ലഭ്യമാക്കേണ്ടതാണ്.
ഡിമാന്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും വാടകയിനത്തിൽ വാർഷിക വർദ്ധനവ് വരുത്തുന്നതിന്റെ ആനുപാതികമായി സെക്യൂരിറ്റി ഡെപ്പോസിറ്റിലും വർദ്ധനവ് വരുത്തേണ്ടതാണ്.

## 1-18 പോലീസ് സ്റ്റേഷനായി ഉപയോഗിക്കുന്ന കെട്ടിടത്തിന്റെ വാടക- തുടർ നടപടി വിവരം ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വാഴക്കാട് വില്ലേജിൽ ബ്ലോക്ക് 19 ,റി സ. 12/9 സ്ഥലത്ത് സ്ഥിതി ചെയ്യുന്ന 7/83 നമ്പർ കെട്ടിടം പോലീസ് സ്റ്റേഷനായി ഉപയോഗിക്കുന്നതിന് 2010 നവംമ്പർ മുതൽ വാടകക്ക് നൽകിയിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ വാടക അടവാക്കാത്തതിനാൽ കുടിശ്ശിക നിലനിൽക്കുന്നത് സംബന്ധിച്ച് 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതിന് കുടിശ്ശിക അടവാക്കുന്നതിനു ജില്ലാ പോലീസ് മേധാവിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും പോലീസ് സ്റ്റേഷൻ പഞ്ചായത്ത് പരിസരത്ത് നിലനിർത്തുന്നതിന് സ്ഥലം സർക്കാറിലേക്ക് വിട്ട് നൽകുന്നതിന് 19.10.20, 17.05.21തിയതികളിലെ ഭരണസമിതി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

മേൽ തീരുമാന പ്രകാരം സ്വീകരിച്ച തുടർനടപടി വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (110/24.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടത്തിൻമേൽ സ്വീകരിച്ച തുടർ നടപടി വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-19 ലൈസൻസ് അനുവദിക്കൽ- അപാകതകൾ

ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ലൈസൻസുകളും അവയുടെ അപേക്ഷകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകചുവടെ ചേർക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ 31-10-2017 ലെ ഭേദഗതി പ്രകാരം സ്ഥാപനങ്ങൾക്ക് അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് കണക്കാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിച്ച അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ രേഖപ്പെടുത്തിയ വിവരങ്ങളുടെ കൃത്യത പരിശോധിക്കാതെയുമാണ് മിക്ക ലൈസൻസുകളും അനുവദിച്ചിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നമ്പർ | കെട്ടിട നമ്പർ | സ്ഥാപന ഉടമ &സ്ഥാപനം/ലൈസൻസ് നൽകിയതിന്റെ ഉദ്ദേശം | ലൈസൻസ് ഫീ | അപാകത |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2818/21-22/112 03.04.21 | 11/1681-1693 1697-1701 | മുഹമ്മദ് അഷ്റഫ് ടി വി ടൂറിസ്റ്റ് ഹോം നടത്തുന്നതിന് | 900 | അപേക്ഷയിൽ മൂലധന നിക്ഷേപം,അന്വേഷണ റിപ്പോർട്ട് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 2824/21-22/111 03.04.21 | 12/412 N-Z4 | ആഷിക്ക് റഹ്മാൻ ടൂറിസ്റ്റ് ഹോം നടത്തുന്നതിന് | 1000 | അപേക്ഷയിൽ മൂലധന നിക്ഷേപം,അന്വേഷണ റിപ്പോർട്ട്, എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 3 | 2663/2021-22/54 03.04.21 | 11/1640 | അബൂബക്കർ സിദ്ധീഖ് ജ്വല്ലറി നടത്തുന്നതിന് | 500 | അപേക്ഷയിൽ മൂലധന നിക്ഷേപം,അന്വേഷണ റിപ്പോർട്ട്, എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | 3378/21-22/216 18.05.21 | 11/801-807 | ഹംസ സി തുണിക്കച്ചവടം നടത്തുന്നതിന് | 1000 | അപേക്ഷയിൽ മൂലധന നിക്ഷേപം, അന്വേഷണ റിപ്പോർട്ട്, എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 5 | 3439/21-22/221 14.06.21 | 4/315,316,317 | കുഞ്ഞഹമ്മദ് പലചരക്ക് കട നടത്തുന്നതിന് | 200 | 4/315 എന്ന കെട്ടിട നമ്പർ സഞ്ചയയിൽ പാർപ്പിടാവശ്യത്തിന് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. |
| 6 | 3748/21-22/255 11.06.21 | 2/276 | ഉമ്മർകോയ മലഞ്ചരക്ക് സാധനങ്ങൾ വില്പന നടത്തുന്നതിന് | 300 | സഞ്ചയയിൽ ഈ കെട്ടിടം പാർപ്പിടാവശ്യത്തിന് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. |

മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകളിൽ എന്തടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിർണ്ണയിച്ചത് എന്നത് വ്യക്തമല്ല.

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പിന്റെ 09.07.2021ലെ ആർ.സി.3/228/2020/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ലൈസൻസുകൾ പുതുക്കുമ്പോൾ അപേക്ഷകളിന്മേൽ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്റെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അപേക്ഷകളിന്മേൽ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്റെ പരിശോധന റിപ്പോർട്ട് വളരെ പ്രാധാന്യമേറിയതാണ്. എന്നാൽ ലൈസൻസ് രജിസ്റ്ററിൽ, നിലവിലുള്ള ലൈസൻസ് പുതുക്കുന്നതാണോ അതോ പുതിയ ലൈസൻസിനുള്ളതാണോ എന്നത് സംബന്ധിച്ച രേഖപ്പെടുത്തലില്ല.മാത്രമല്ല, മുകളിലെ പട്ടികയിൽ പരാമർശിച്ച അപാകതകൾ പ്രകാരം അപേക്ഷകളിന്മേൽ ശരിയായ ഫീൽഡ് പരിശോധന ഇല്ലാതെയാണ് ലൈസൻസുകൾ അനുവദിച്ചത് എന്നാണ് വ്യക്തമാകുന്നത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(40/30.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപേക്ഷകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നും ആയത് കൃത്യമാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-20 പോഷകാഹാര വിതരണം- അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | 107/22 അംഗനവാടി പോഷകാഹാരം |
| അടങ്കൽ | 1850120 (പൊതുവിഭാഗം സാധാരണ വിഹിതം<br>3000000 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>416900 ( തനത് ഫണ്ട്) |

| | |
|---|---|
| ആകെ ചെലവ് | 5267020 |
| നിർവ്വഹണോദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്രവൈസർ |

ഗ്രാമപഞ്ചായത്തിനു കീഴിലുള്ള വിവിധ അംഗനവാടികളിൽ മേൽ പ്രൊജക്റ്റ് പ്രകാരം പുലരി ന്യൂട്രിമിക്സ് ചീക്കോട് എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത പുലരി ന്യൂട്രിമിക്സ് സ്ഥാപത്തെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റെയും ഈ സ്ഥാപനവുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് കരാർ ചമച്ചതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല.

2) ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത്തരത്തിൽ വിതരണം ചെയ്ത ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/29.11.22) ഭരണ സമിതി അംഗീകാരം വാങ്ങിക്കുന്നതാണെന്നും നിലവിൽ ഭക്ഷണ സാധനത്തിന്റെ ഗുണനിലവാരം കൃത്യമായി പരിശോധിക്കുന്നുണ്ടെന്ന മറുപടി ലഭ്യമാക്കി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 സർക്കാർ അനുമതിക്ക് വിരുദ്ധമായി ARTCO യിൽ നിന്നും വാങ്ങൽ നടത്തി.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സിഡിഎസ് സൂപ്രവൈസർ |
| പ്രൊജക്റ്റ് | 148/ ജെന്റർ റിസോഴ്സ് സെന്റർ സ്ഥാപിക്കൽ |
| അടങ്കൽ | 156360/-പൊതുവിഭാഗം സാധാരണ വിഹിതം |
| ചെലവ് | 101019/- (ബിൽ നമ്പർ-25/21-22/29.01.22) |

ജെന്റർ റിസോഴ്സ് സെന്ററിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനായി നടപ്പിലാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം ആർട്ട്കോയിൽ നിന്നും പർച്ചേസ് ചെയ്ത സാധനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Product | എണ്ണം | തുക(gst ഉൾപ്പെടെ) |
|---|---|---|
| HW Alamirah 180*90*40 | 2 | 41717.72 |
| HARDWOOD OFFICRS TABLE SIZE 150X90X75 WITH 2 DRAWER AND 2 CUPBOARDS | 1 | 18478.80 |

| | | |
|---|---|---|
| HARDWOOD ARM CHAIR | 5 | 17074.60 |
| NILKAMAL ARMED CHAIR(SPECIAL TYPE) | 25 | 23747.50 |
| ആകെ തുക | | 101019 |

GO(RT) 1/2021/SPD Dt. 05.01.2021 , GO(RT) 27/2020/SPD Dt. 31.12.2020 എന്നീ ഉത്തരവുകൾ പ്രകാരം സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും അതിന് നൽകാവുന്ന നിരക്കും അംഗീകരിച്ചു നൽകിയിട്ടുണ്ട്. മേൽ ഉത്തരവുകളിൽ പരാമർശിക്കുന്ന സാധനങ്ങൾ മാത്രമെ ടെണ്ടർ കൂടാതെ ARTCOയിൽ നിന്നും വാങ്ങാൻ അനുമതിയുള്ളൂ. ഉത്തരവ് പ്രകാരം Nilkamal Chair വാങ്ങുന്നതിന് അനുമതി നൽകിയിട്ടില്ല.

ഉത്തരവ് പ്രകാരം അനുമതിയില്ലാത്ത സാധനങ്ങൾ ആർട്ട്കോയിൽ നിന്ന് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(30/29.11.22) അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് ബിഡ്ഡിംഗ് വഴി തത്പര്യപത്രം വാങ്ങി ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിൽകമൽ ചെയർ ആർട്ട്കോയിൽ നിന്നും പർചേസ് ചെയ്തതെന്നും അപാകത ഭാവിയൽ ആവർത്തിക്കാതിരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും നേരിട്ടുള്ള വാങ്ങലുകളിൽ മേൽ ഉത്തരവുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-22 ഉദ്ഘാടന ചെലവ് - സർക്കാർ നിർദേശ പ്രകാരമുള്ള പരിധി പാലിച്ചില്ല

വൗച്ചർ നമ്പർ / തിയ്യതി : 22100617/03.02.2022, തുക : 50,000/-

ഗ്രാമ പഞ്ചായത്തിലെ ഫാമിലി ഹെൽത്ത് സെന്റർ കെട്ടിട ഉദ്ഘാടന പരിപാടിക്കായി സെക്രട്ടറിയുട തനത് ഫണ്ട് ചെലവിൽ ഉൾപ്പെടുത്തി 50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പരിപാടിക്ക് പന്തലും, സൗണ്ട് മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശ്രീ. ആശിഖ്, സ്റ്റാർ പ്രൊഫഷണൽ സൗണ്ട് സിസ്റ്റം, വാഴക്കാടിന് 41,490 രൂപയും (ബിൽ നമ്പർ - 551/26.07.2021), ബാനറുകൾ നിർമ്മിച്ച് നൽകിയതിന്, ജി സൈൻ പ്രിന്റിംഗ് ഡിവിഷൻ, എടവണ്ണപ്പാറക്ക് 8510 രൂപയും (ബിൽ നമ്പർ - 265) നൽകിയിട്ടുണ്ട്.

28.12.2015 തിയ്യതിയിലെ സ.ഉ (സാധാ) 3866/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങുകൾക്ക് പരമാവധി 25,000/- രൂപയും, അല്ലാതെയുള്ള ഉദ്ഘാടനങ്ങൾക്ക് പരമാവധി 10,000/- രൂപയും കൗൺസിൽ / കമ്മിറ്റി തീരുമാനത്തിന് വേിധയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകിയിയിരുന്നു. മന്ത്രിമാർ പങ്കെടുത്ത മേൽ ഉദ്ഘാടന ചടങ്ങിന് പരമാവധി ചെലഴിക്കാവുന്ന തുക 25,000/- രൂപയായിരുന്നു.

അധിക തുക ചെലവഴിച്ചതിന് ആധാരമാക്കിയ അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/26.11.2022) ലഭ്യമാക്കിയ മറുപടിയിൽസംസ്ഥാന തലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ട മേൽ പരിപാടിക്ക് ഒരു ലക്ഷത്തിലധികം രൂപ ചെലവ് വന്നു എന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി 50,000/- രൂപ മാത്രമാണ് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് എന്നും പരാമർശിച്ചിട്ടുണ്ട്.

ഉദ്ഘാടന പരിപാടിയിൽ മന്ത്രിമാർ പങ്കെടുത്തിരുന്നു. പരാമർശ കാലയളവിൽ സർക്കാർ ഉത്തരവ് പ്രകാരം മന്ത്രിമാർ പങ്കെടുത്ത പരിപാടിക്ക് 25,000/- മാത്രമാണ് ചെലവഴിക്കുന്നതിന് അനുമതി ഉണ്ടായിരുന്നത്. അധികം തുക ചെലവഴിക്കുന്നതിന് മുമ്പ് സർക്കാരിൽ നിന്ന് മുൻകൂർ അനുമതി നേടിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് നൽകിയ മറുപടി സ്വീകാര്യമല്ല. അധികം ചെലവഴിച്ച 25,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-23 MGNREGS അക്കൗണ്ട് - തുക തിരികെ അടവാക്കൽ - വിശദാംശങ്ങൾ ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിലെ മഹാത്മ ഗാന്ധി MGNREGS അക്കൗണ്ട് സീറോ ബാലൻസ് ആയി നില നിർത്തുന്നതിനായി ജോയിന്റ് പ്രോഗ്രാം കോ ഓർഡിനേറ്ററുടെ 22.06.2021 ലെ പി5/2019/എം.ജി.എൻ.ആർ.ജി.എസ് നമ്പർ കത്ത് പ്രകാരം നിലവിൽ അക്കൗണ്ടിൽ ബാക്കി ഉണ്ടായിരുന്ന 246118 രൂപയിൽ ചുവടെ ചേർക്കുന്ന ചെലവുകൾക്കുള്ള തുക 201366 രൂപ കഴിച്ച് ബാക്കി വരുന്ന 44752 രൂപ സംസ്ഥാന മിഷന്റെ അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ/തിയ്യതി : 22100186/05.07.2021) അക്കൗണ്ടിൽ നിലനിർത്തിയ തുകയുടെ വിശദാംശങ്ങളും, അപാകതയും ചുവടെ ചേർക്കുന്നു.

| തുക നില നിർത്തിയ ഉദ്ദേശം | തുക | കുറിപ്പ് |
|---|---|---|
| NREGS ഓഫീസ് ജീവനക്കാരുടെ TA (2019-20) | 25750 | TA അനുവദിച്ച വിവരം, ചെലവ് വിശദാംശം ഇല്ല |
| NREGS ഓഫീസ് ജീവനക്കാരുടെ TA (2019-20) | 11500 | TA അനുവദിച്ച വിവരം, ചെലവ് വിശദാംശം ഇല്ല |
| NREGS ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള തുക | 39797 | കമ്പ്യൂട്ടർ വാങ്ങുന്നതിനായി വൗച്ചർ നമ്പർ 22100217/26.07.2021 പ്രകാരം 39797/- രൂപ കെൽട്രോണിന് മുൻകൂർ നൽകിയിട്ടുണ്ട്. (പെർഫോമ ഇൻവോയ്സ് നമ്പർ - TVM/ITBG/PI/RC/27463/20-21 Dt: 28.06.2021). കമ്പ്യൂട്ടർ ലഭ്യമായിട്ടുണ്ട് |
| ബാംബൂ പ്ലാന്റേഷൻ ഫണ്ട് | 50000 | ചെലവ് വിശദാംശങ്ങൾ ഇല്ല |
| തനത് ഫണ്ട് റീക്രൂപ്പ് | 73620 | തനത് ഫണ്ടിലേക്ക് തുക റീക്രൂപ്പ് ചെയ്ത വിവരം ലഭ്യമല്ല |
| നെറ്റ് വർക്ക് സ്വിച്ച് | 699 | ചെലവ് വിശദാംശം ലഭ്യമാക്കി |
| ആകെ | 201366 | |

കമ്പ്യൂട്ടർ ലഭ്യമായിട്ടുണ്ട്. സംസ്ഥാന മിഷന്റെ അക്കൗണ്ടിലേക്ക് തിരിച്ചടച്ച 44752 രൂപയുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. മറ്റു ചെലവുകളുടെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/26.11.2022) മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും, ചെലവുകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-24 റിഫ്രഷ്മെന്റ് ചാർജ് - അധിക തുക അനുവദിച്ചു

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ തനത് ഫണ്ട് ചെലവിൽ ഉൾപ്പെടുത്തി 02/2022 ലെ റിഫ്രഷ്മെന്റ് ചാർജ് അനുവദിക്കുന്നതിന് 6340/- രൂപ പിൻവലിച്ച് പി കെ കൂൾബാർ വാഴക്കാട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനം ലഭ്യമാക്കിയ ബില്ല് പരിശോധിച്ചപ്പോൾ തുക കൂടുതലായി അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (വൗച്ചർ നമ്പർ/തിയ്യതി : 22100706/09.03.2022)

| ബിൽ നമ്പർ | തുക | ചെലവ് വിശദാംശം |
|---|---|---|
| 85 | 1270 | 04.02.2022 മുതൽ 28.02.2022 വരെ വിവിധ മീറ്റിംഗുകൾക്ക് ചായയും, ലഘു പലഹാരവും നൽകിയ വകയിൽ അനുവദിച്ച തുക (പ്രസിഡണ്ട് ഗസ്റ്റ്) |
| 86 | 1600 | 01.02.2022 മുതൽ 25.02.2022 വരെ വിവിധ മീറ്റിംഗുകൾക്ക് ചായയും, ലഘു പലഹാരവും നൽകിയ വകയിൽ അനുവദിച്ച തുക (സ്റ്റാന്റിംഗ്, ഭരണ സമിതി മീറ്റിംഗ്) |
| 83 | 2580 | 03.02.2022 മുതൽ 26.02.2022 വരെ വിവിധ മീറ്റിംഗുകൾക്ക് ചായയും, ലഘു പലഹാരവും നൽകിയ വകയിൽ അനുവദിച്ച തുക (വിവിധ മീറ്റിംഗ്) |
| ആകെ | 5450 | |

ആകെ നൽകേണ്ടിയിരുന്ന തുക 5450/- രൂപ. അധികം 890/- (6340 – 5450). അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/26.11.2022) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ഫ്.എച്ച്.സിയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല

നിർവഹണം : മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

പ്രൊജക്റ്റ് നമ്പർ, പേര് : 423/22, ഫാമിലി ഹെൽത്ത് സെന്ററിൽ സോളാർ പാനൽ സ്ഥാപിക്കൽ

അടങ്കൽ : 11,91,000

ചലവ് തുക : 10,73,680 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

വൗച്ചർ നമ്പർ/തിയ്യതി : 22100819/17.03.2022

ഫാമിലി ഹെൽത്ത് സെന്ററിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി തുക വകയിരുത്തി പ്രൊജക്ട് തയ്യാറാക്കുകയും, 15 Kw കിലോവാട്ട് സോളാർ പവർ പ്ലാന്റ് (ഓൺ ഗ്രിഡ്) സ്ഥാപിക്കുന്നതിനായി 10,72,500/- രൂപ മല്പുറം ANERT ൽ നിക്ഷേപിക്കുകയും, (ഇൻവോയ്സ്/ഡിമാനന്റ് നോട്ടീസ് നമ്പർ 04/GEN/ANERT/MLPM/2021 Dt: 02.02.2022) 1180/- രൂപ കെ.എസ്.ഇ.ബി യിൽ അടവാക്കുകയും ചെയ്തിരുന്നു. അനെർട്ടും, എഫ്.എച്ച്.സിയും തമ്മിൽ 26.03.2022 ന് ഇത് സംബന്ധിച്ച് കരാർ ചമച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച വിവരം ലഭ്യമല്ല.
- പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
- ഗ്രാമ പഞ്ചായത്ത് തൻവർഷം ഇത്തരം ഒരു പ്രൊജക്ട് നടപ്പാക്കിയപ്പോൾ അനെർട്ടിന്റെ 28.10.2021 ലെ 18/DW/ANERT(MPM)/2021 നമ്പർ കത്ത് പ്രകാരം സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 10% അനെർട്ട് ഇൻസെന്റീവ് നൽകുന്ന എന്ന് ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നു. 2022 മാർച്ചിന് മുമ്പ് അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി സ്ഥാപിക്കുന്ന പവർ പ്ലാന്റുകൾക്കാണ് ഇൻസെന്റീവ് ലഭിക്കുന്നത്. മാർച്ചിന് മുമ്പെ എഫ്.എച്ച്.സി അനെർട്ടിന് തുക മുൻകൂർ നൽകിയെങ്കിലും അത്തരത്തിൽ ഒരു ഇൻസെന്റീവ് സ്ഥാപനത്തിന് ലഭ്യമായിട്ടില്ല.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 34/29.11.2022) ലഭ്യമാക്കിയ മറുപടിയിൽ കമ്മീഷനിംഗിന് മുന്നോടിയായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും, തുടർ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നുണ്ട് എന്നും, കമ്മീഷനിംഗിന് ശേഷം അനെർട്ട് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നും പരാമർശിച്ചിട്ടുണ്ട്. ഇൻസെന്റീവ് ലഭിക്കുന്നതിന് 29.11.2022 ന് അനെർട്ടിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും പഞ്ചായത്ത് അക്കൗണ്ടിലേക്ക് തുക ക്രഡിറ്റ് ആവുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും മറുപടി നൽകി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-26 തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ട് വഴി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവു വിളക്ക് റിപ്പയറിനും, സ്ഥാപിക്കുന്നതിനുമായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ തുക/ ഫണ്ടിനം | ചെലവു തുക / വൗച്ചർ നമ്പർ | കുറിപ്പ് |
|---|---|---|---|
| 297/22 തകരാറിലായ സ്ട്രീറ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കലും റിപ്പയർ ചെയ്യലും | 1,50,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 1,49,600/- (XVFC/2020-21 /P/100 Dt: 31.03.2022 | 15 W B22 LED ലൈറ്റുകൾ 100 എണ്ണം (100 X 740 = 74000/-)<br>18 W B22 LED ലൈറ്റുകൾ 90 എണ്ണം (90 X 840 = 75600/-)<br>AK എഞ്ചിനീയറിംഗ് കമ്പനി, തൃശ്ശൂർ. (ഇൻവോയ്സ് നമ്പർ : 43 Dt: 12.03.2022) |

മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 17.12.2021 ൽ എ3-1220/21 നമ്പറായി ടെണ്ടർ ക്ഷണിച്ചിരുന്നു. പി പി ഇല്ക്ട്രിക്കൽസ് കൊണ്ടോട്ടി, എഫ് ജി ഇല്ക്ട്രോണിക്സ് കൊണ്ടോട്ടി എന്നീ രണ്ട് സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തു. എന്നാൽ തെരുവ് വിളക്കുകൾക്ക് കഴിഞ്ഞ വർഷത്തേക്കാൾ വില കൂടുതലായതിനാൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ശുപാർശ പ്രകാരം റീ ടെണ്ടർ ചെയ്യാൻ 04.01.2022 ലെ 6/3 പ്രകാരം ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. പിന്നീട് റീ ടെണ്ടർ നടത്തിയപ്പോൾ ലഭ്യമായ ഏക ടെണ്ടർ ഇ.എം.ഡി ഇല്ലാത്തതിനാൽ നിരസിച്ചു. പിന്നീട് റീ ടെണ്ടർ ചെയ്തപ്പോൾ ശ്രീ. ലത്തീഫ് കെ, ഊർങ്ങാട്ടീരി, അരീക്കോട് എന്ന വ്യക്തിയുടെ 15 വാർട്സ് സ്ട്രീറ്റ് ലൈറ്റിന് 740 രൂപയും, 18 വാർട്സ് സ്ട്രീറ്റ് ലൈറ്റിന് 840 രൂപയും രേഖപ്പെടുത്തിയ ടെണ്ടർ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ശ്രീ. ലത്തീഫ് കെ, ഊർങ്ങാട്ടീരി, അരീക്കോട് എന്ന വ്യക്തി 11.02.2022 ന് സമർപ്പിച്ച ടെണ്ടർ പ്രകാരം 12 W LED ലൈറ്റുകൾക്ക് 640/- രൂപയും, 18 W LED ലൈറ്റുകൾക്ക് 760/- രൂപയുമാണ് ക്വാട്ട് ചെയ്തിരുന്നത്. പ്രസ്തുത ഏക ടെണ്ടർ ഇ.എം.ഡി ഇല്ലാത്തതിനാൽ നിരസിച്ചു എന്ന് ഭരണസമിതി തീരുമാനിച്ചിരുന്നു. ഇക്കാര്യത്തിൽ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9-7 ലെ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. പിന്നീട് അതേ വ്യക്തി 17.02.2022 ന് സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നടപ്പാക്കി. എന്നാൽ 17.02.2022ന് ടിയാൾ സമർപ്പിച്ച ടെണ്ടറിൽ 18 W LED ലൈറ്റുകൾക്ക് 840/- രൂപയാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. മുൻ ടെണ്ടറിനേക്കാൾ 80/-രൂപ കൂടുതൽ. മുൻ ടെണ്ടറിൽ കുറവ് റേറ്റ് കാണിച്ചിട്ടും, റേറ്റ് സംബന്ധിച്ച് ടിയാനുമായി നെഗോസിയേഷൻ നടത്തിയിട്ടില്ല. ആദ്യം ക്വാട്ട് ചെയ്ത തുകക്ക് വിളക്ക് ലഭ്യമായിരുന്നെങ്കിൽ പഞ്ചായത്തിന് ഒരു വിളക്കിന് 80/- രൂപ ലാഭിക്കാമായിരുന്നു. 18 W LED ലൈറ്റുകൾ 90 എണ്ണത്തിന് 7200/- രൂപ അധികം ചെലവ് വന്നു.

2. പദ്ധതി പ്രാകരം സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനും, മാറ്റി സ്ഥാപിക്കുന്നതിനുമായിട്ടാണ് പ്രൊജക്ട് വിഭാവനം ചെയ്തത്. എന്നാൽ പുതിയ വിളക്ക് വാങ്ങി സ്ഥാപിക്കുന്ന പ്രവൃത്തി മാത്രമാണ് ചെയ്തത്. ആയതിനാൽ തന്നെ വിളക്ക് മാറ്റി സ്ഥാപിച്ചപ്പോൾ നിലവിൽ പ്രവർത്തനരഹിതമായ വിളക്കുകൾ എന്ത് ചെയ്തു എന്ന വിവരം ലഭ്യമല്ല.

3. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ, വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല. രജിസ്റ്ററിൽ അത്തരം ഒരു വിവരവും ഇല്ല.

4. പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവുവിളക്കുകളുടെ ഇനം, വിവരം, ലൊക്കേഷൻ, വാറണ്ടി വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഡ് നമ്പറും, തെരുവ് വിളക്കുകളുടെ എണ്ണവും ഒരു പേജിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എത്ര വാട്ട് ഓരോ വാർഡിലും നൽകി എന്ന് പോലും രേഖപ്പെടുത്തിയിട്ടില്ല.

5. കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല (ഗവ. സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ തി. 15.09.2011)

6. കരാർ പ്രകാരം വിളക്കുകൾക്ക് 2 വർഷം വാറണ്ടി ഉണ്ട്. വാറണ്ടി പിരീഡിൽ തെരുവുവിളക്കുകൾക്ക് ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ സ്ഥാപനം പരിഹരിക്കേണ്ടതാണ്. തകരാറുകൾ സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും ഫോൺ മുഖേനയോ കത്ത് മുഖേനയോ അറിയിപ്പ് നൽകുന്നതിനെ തുടർന്ന് ഒരാഴ്ചക്കകം തന്നെ തകരാർ പരിഹരിക്കേണ്ടതാണ് എന്ന് കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. പൊതു ജനങ്ങൾക്കും, മെമ്പർമാർക്കും ഉൾപ്പെടെ തെരുവു വിളക്കുകളുടെ കംപ്ലയിന്റുകൾ രേഖപ്പെടുത്തുന്നതിന് കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6. ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ തകരാറിലായ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് പ്രൊജക്ട് തയ്യാറാക്കുകയും (പ്രൊജക്ട് നമ്പർ - 298/22, വൗച്ചർ നമ്പർ : XVFC/2020-21/P/85 Dt: 26.03.2022) 100w LED മിനിമാസ്റ്റ് ലൈറ്റുകൾ 7 എണ്ണം KEL മുഖേന 47,950/- രൂപ ചെലവഴിച്ച് സ്ഥാപിച്ചിരുന്നു. (ബിൽ നമ്പർ - KEL/PFRMA/55 Dt: 24.03.2022) കരാർ പ്രകാരം വിളക്കുകൾക്ക് 1 വർഷം വാറണ്ടിയുണ്ട്. തെരുവുവിളക്ക് രജിസ്റ്ററിൽ ഇതു സംബന്ധിച്ച് വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 37/29.11.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും, രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-27 സ്ട്രീറ്റ് ടാപ്പ് - സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്ട്രീറ്റ് ടാപ്പുകൾക്ക് 2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറിയുടെ തനത് ഫണ്ട് ചെലവിൽ ഉൾപ്പെടുത്തി പ്രതിമാസം 55,130/- രൂപ നിരക്കിൽ 6,61,560/- രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. (55130 X 12) ഇത് കൂടാതെ 01/2022 ലെ ചാർജ് അടവാക്കിയപ്പോൾ മുൻ ബാക്കി 8085/- രൂപയും, 159/- രൂപ ഫൈൻ ഇനത്തിലും വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. (വൗച്ചർ നമ്പർ - 2200632/15.02.2022) വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസ് പ്രകാരം കൃത്യമായി തുക നൽകുന്നുണ്ടെങ്കിലും അരിയർ തുകയും, ഫൈനും വരാനുണ്ടായ സാഹചര്യം വ്യക്തമല്ല.

ഇത് സംബന്ധിച്ച് കൃത്യമായ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഓരോ മാസത്തെയും ഡിമാന്റും അടവും കൃത്യമായി രേഖപ്പെടുത്തി കണ്ടിജന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ അരിയർ തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ലഭ്യമാക്കിയ രജിസ്റ്ററിൽ 120 ടാപ്പുകൾ ഉണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ

ആയവ ഏത് വാർഡിലാണ് എന്നോ, ലൊക്കേഷനോ, നിലവിൽ പ്രവർത്തിക്കുന്നതാണോ എന്നോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസിലെ തുക അടവാക്കി വരികയാണ് നിലവിൽ ചെയ്യുന്നത്.

പൊതു ടാപ്പുകളെ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കൃത്യമാക്കി, രജിസ്റ്ററിൽ ചേർത്ത് ഉപയോഗയോഗ്യമായ ടാപ്പുകൾക്ക് മാത്രം തുക അടവാക്കേണ്ടതാണ് എന്ന് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദേശം നൽകിയിരുന്നെങ്കിലും യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 41/30.11.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും, സംയുക്ത പരിശോധന നടത്തി, രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഉപയോഗയോഗ്യമായ ടാപ്പുകൾക്ക് മാത്രം തുക അടവാക്കുന്ന എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-28 ചെലവ് അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ തനത് ഫണ്ട് ചെലവിൽ ഉൾപ്പെടുത്തി പിൻവലിച്ച ചുവടെ ചേർക്കുന്ന വൗച്ചർ പ്രാകരമുള്ള തുകകളുടെ അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് വിശദാംശങ്ങളും, രേഖകൾ ഹാജരാക്കേണ്ടതും, അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 22/26.11.2022) ലഭ്യമാക്കിയ മറുപടിയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/തിയ്യതി | തുക | ചെലവ് വിശദാംശം | കുറിപ്പ് | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 22100055/22.04.2021 | 30000 | അഡ്വക്കറ്റ് ഫീ - അഡ്വ. ഫയാസ് | ബിൽ, കൈപ്പറ്റ്, കേസിന്റെ വിശദാംശം ഇല്ല | അഡ്വക്കറ്റ് ഫീ ചെക്ക് മുഖേനയാണ് നൽകിയത് എന്നും, വിശദാംശം പിന്നീട് അറിയിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നില്ല. |
| 22100097/21.05.2021 | 96713 | കോവിഡ് കെയർ സെന്റർ ചെലവുകൾ | ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും തുക ലഭ്യമാവുന്നതിന് 14.10.2020 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. തുക ലഭ്യമായ വിവരം. | ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും തുക ലഭ്യമാവുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. |
| 22100345/29.09.2021 | 12150 | പഞ്ചായത്ത് വാഹനത്തിന്റെ 2 ടയർമാറ്റിയതിന് അനുവദിച്ച തുക. (പള്ളിക്കൽ ടയേഴ്സ്, കൊണ്ടോട്ടി) | PWD മെക്കാനിക്കൽ എഞ്ചിനീയറുടെ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഇല്ല | പഞ്ചായത്ത് വാഹനത്തിന്റെ 2 ടയർമാറ്റിയത് ക്വട്ടേഷൻ ക്ഷണിച്ചും, ഭരണസമിതി തീരുമാനത്തിന് വിധേയമായിട്ടാണ് എന്നും മറുപടി നൽകി. |
| 22100978/31.03.2022 | 18900 | പഞ്ചായത്ത് വാഹനത്തിന്റെ 2 ടയർമാറ്റിയതിന് അനുവദിച്ച തുക. (ഹൈടെക് | PWD മെക്കാനിക്കൽ എഞ്ചിനീയറുടെ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഇല്ല | |

| | | | | |
|---|---|---|---|---|
| | | വീൽസ് , കൊണ്ടോട്ടി) | | |

അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 സോളാർ പാനൽ സ്ഥാപിക്കൽ - പൂർത്തീകരണ വിവരം ലഭ്യമല്ല

നിർവഹണം : ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

പ്രൊജക്ട് നമ്പർ, പേര് : 303/22, കെ എ റഹ്മാൻ ലൈബ്രറിക്ക് മുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ

അടങ്കൽ : 3,74,000

തുക : 3,74,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം - 300000, തനത് ഫണ്ട് - 74000)

വൗച്ചർ നമ്പർ : 22100577/21.01.2022 – 74000, 22100939/21.01.2022 - 300000

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ എ റഹ്മാൻ ലൈബ്രറിക്ക് മുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി തുക വകയിരുത്തി പ്രൊജക്ട് തയ്യാറാക്കുകയും, 5 KWP കിലോവാട്ട് സോളാർ പവർ പ്ലാന്റ് (ഹൈബ്രിഡ്/ഓഫ് ഗ്രിഡ്/ശൃംഖല ബന്ധിത) സ്ഥാപിക്കുന്നതിനായി 374000/- രൂപ മല്ലപ്പുറം ANERT ൽ നിക്ഷേപിക്കുകയും ചെയ്തിരുന്നു. (ഇൻവോയ്സ്/ഡിമാന്റ് നോട്ടീസ് നമ്പർ 18/DW/ANERT(MPM)/2018 Dt: 17.09.2021) 13.02.2022 ന് അനെർട്ടും, പഞ്ചായത്തും തമ്മിൽ കരാർ വെച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച വിവരം ലഭ്യമല്ല.
- പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല
- അനെർട്ടിന്റെ 28.10.2021 ലെ 18/DW/ANERT(MPM)/2021 നമ്പർ കത്ത് പ്രകാരം സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 10% അനെർട്ട് ഇൻസെന്റീവ് നൽകുന്നു എന്ന് ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നു. 2022 മാർച്ചിന് മുമ്പ് അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി സ്ഥാപിക്കുന്ന പവർ പ്ലാന്റുകൾക്കാണ് ഇൻസെന്റീവ് ലഭിക്കുന്നത്. മാർച്ചിന് മുമ്പെ പഞ്ചായത്ത് അനെർട്ടിന് തുക മുൻകൂർ നൽകിയെങ്കിലും അത്തരത്തിൽ ഒരു ഇൻസെന്റീവ് സ്ഥാപനത്തിന് ലഭ്യമായിട്ടില്ല.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/26.11.2022) ലഭ്യമാക്കിയ മറുപടിയിൽ കമ്മീഷനിംഗിന് മുന്നോടിയായി ഗ്രാമപഞ്ചായത്തും, കെ.എസ്.ഇ.ബിയും തമ്മിൽ കരാർ ഏർപ്പെടുകയും തുടർ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നുണ്ട് എന്നും, കമ്മീഷനിംഗിന് ശേഷം അനെർട്ട് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നും പരാമർശിച്ചിട്ടുണ്ട്. ഇൻസെന്റീവ് ലഭിക്കുന്നതിന് 26.10.2022 ന് അനെർട്ടിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും പഞ്ചായത്ത് അക്കൗണ്ടിലേക്ക് തുക ക്രഡിറ്റ് ആവുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും മറുപടി നൽകി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-30 മുൻകൂർ തുക നൽകി - മരുന്നുകൾ മുഴുവനും ലഭ്യമായില്ല

നിർവഹണം : മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

2021-22 വർഷത്തിൽ മരുന്നുകൾ വാങ്ങുന്നതിനായി ചുവടെ ചേർക്കും പ്രകാരം തുക തിരുവനന്തപുരം, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ / പേര് | മുൻകൂർ നൽകിയ തുക (പ്രഫോർമ ഇൻവോയ്സ് നമ്പർ) | വൗച്ചർ നമ്പർ / തിയ്യതി | ലഭ്യമായ മരുന്നിന്റെ വിവരം (ഇൻവോയ്സ് നമ്പർ / തുക) | ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക |
|---|---|---|---|---|
| 180/22 പരിരക്ഷ അടങ്കൽ തുക : 7,00,000 | 1,45,550 രൂപ (PRF 7207/22.03.2022 – 1,70,000) | 22100882/16.12.2022 | ലഭിച്ചിട്ടില്ല | 1,62,096 രൂപ |

| | | | | |
|---|---|---|---|---|
| ഫണ്ട് : വികസന ഫണ്ട് ജനറൽ/തനത് ഫണ്ട്/ബ്ലോക്ക് ഷെയർ | 16,546 രൂപ (PRF 7207/22.03.2022 – 1,70,000) | 22100815/22.03.2022 | | |
| 181/22 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ തുക : 2,50,000<br>ഫണ്ട് : മെയിന്റനൻസ് ഫണ്ട് – റോഡിതരം | 81,037 രൂപ (PRF 1123/09.07.2021) | 22100759/30.07.2021 | 6852/01.10.2021 – 17567<br>7846/23.10.2021 – 17826<br>12686/09.02.2022 – 10536<br>3982/08.06.2022 – 3502<br>10173/02.09.2022 – 2594<br>13106/06.10.2022 – 11672<br>ആകെ – 63,697 | 17,340 രൂപ |
| | 1,68,963 രൂപ (PRF 4882/19.01.2022) | 22100943/27.01.2022 | 10017/02.02.2022 – 4928<br>10179/07.02.2022 – 9856<br>1119/04.03.2022 – 18887<br>1748/13.05.2022 – 20488<br>499/13.04.2022 – 65274<br>ആകെ – 1,19,433 | 49,530 രൂപ |
| ആകെ ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നിന്റെ തുക | | | | 2,28,966 രൂപ |

മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33/29.11.2022) ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കാൻ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമാവാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 മെഡിക്കൽ ഓഫീസർ ഹോമിയോ- മരുന്ന് ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ(190/22) |
| ഫണ്ട്/അടങ്കല് | 500000/-(റോഡിതരം) |
| ചെലവ് | 500000/-(BRN 21151052038700997009/21.01.22) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മേൽ പ്രൊജക്റ്റ് പ്രകാരം മരുന്ന് വാങ്ങുന്നതിന് ഹോംകോ (ആലപ്പുഴ)ക്ക് 500000/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. (പ്രൊഫോർമ ഇൻവോയ്സ് നം. PF-1287/03.01.22). എന്നാൽ മരുന്ന് നാളിതുവരെയായി ലഭ്യമായിട്ടില്ല.
(ഓഡിറ്റ് എൻക്വയറി 15/26.11.22-മറുപടി ലഭ്യമാക്കിയിട്ടില്ല.)

മരുന്നുകൾ ലഭ്യമായതിന്റേയും ആയത് സ്റ്റോക്കിലെടുത്തതിന്റേയും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-32 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. (TR7A)
2. പരിശോധനക്ക് ഹാജറാക്കിയ കാഷ്ബുക്കിൽ വരവ് ചെലവുകളുടെ രസീത്/ ബിൽ, വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
3. കാഷ്ബുക്ക് ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.
4. കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽത്തന്നെ തൻ വർഷത്തെ മുഴുവൻ വരവ് ചെലവുകളും ചെലവുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തിയോ എന്ന് ഉറപ്പു വരുത്താനായിട്ടില്ല.
5. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.
   മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 23/26.11.2022 ) ലഭ്യമാക്കിയ മറുപടിയിൽതുടർന്ന് കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
   കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-33 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ കൊണ്ടോട്ടി സബ് ട്രഷറിയിൽ ഉള്ള 799011400005652 നമ്പർ അക്കൗണ്ടിൽ 31.03.2022 ന് ₹ 1000000യും 24.11.2022 ന് ₹ 49527 യും ചെലവഴിക്കാതെ അവശേഷിക്കുന്നു.

എന്നാൽ കാഷ്ബുക്കിൽ ഈ തുകയുടെ നീക്കിയിരുപ്പ് വിവരം ഉൾപ്പെടുത്തിയിട്ടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക എന്നിവ മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനിയർക്ക് വരവായി ലഭിക്കാനുള്ളത്.

മാന്വൽ ടെണ്ടർ ഫീ ഇനത്തിൽ തുക കരാറുകാർ നേരിട്ട് പഞ്ചായത്തിൽ അടക്കുന്നതിനാലും ഇ ടെണ്ടർ ഫീ തുക എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് ഒടുക്ക് വരുത്തുന്നത് എന്നതിനാലും മേൽ പരാമർശിച്ച നീക്കിയിരുപ്പ് തുക ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച വരവ് അല്ല എന്ന് വ്യക്തമാണ്.

പ്രവൃത്തികളുടെ ബിൽ അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്
.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 24/26.11.2022 ) ലഭ്യമാക്കിയ മറുപടിയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അക്കൗണ്ടിൽ ചെലവഴിക്കാൻഅവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകേണ്ടതുമാണ്.

## 1-34 ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല

2021-22 വർഷത്തിൽ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ

കരാറുകാർ അടവാക്കിയ പണം നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇത് മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ആണ് ഉള്ളത് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( 3/22.11.2022 )മറുപടി ലഭ്യമാക്കിയത്.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട ലക്ഷക്കണക്കിന് രൂപ നാളിതുവരെ ലഭിക്കാത്തതിന് കാരണം .

സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-35 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചയാത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

പഞ്ചായത്തിൽ തൻവർഷം ടെണ്ടർ ചെയ്തപ്രവൃത്തികളിലൊന്നും തന്നെ ഈ നിർദ്ദേശംപാലിച്ചിട്ടില്ല. ഏതാനും പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ പരിശോധിച്ചതിൽ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥന്റെ ചുരുക്കൊപ്പ് ഇല്ലാത്ത തിരുത്തലുകൾ ടെണ്ടറിൽ കണ്ടെത്തി

ടെണ്ടർ നടപടികളിലെ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 മരാമത്ത് പ്രവൃത്തികൾ - അധികം നൽകിയ ₹ 249611 തിരിച്ചടച്ചു.

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം നൽകിയ ₹ 249611 ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് തിരിച്ചടച്ചു.

വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | തിരിച്ചടച്ച തുക | കുറിപ്പ് |
|---|---|---|
| പൊതു കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണിയും തകരാറിലായ മോട്ടോർ പമ്പ്സെറ്റ് മാറ്റി സ്ഥാപിക്കലും ( 347/22 ) | ₹ 40466 (രസീത് നം 1220104362/ 30.11.2022 ) | കിണറുകൾക്ക് നെറ്റ് സ്ഥാപിച്ചതിൽ കമ്പിയുടെ അളവ് രേഖപ്പെടുത്തിയതിലെ വ്യത്യാസം മൂലം അധികം നൽകിയ തുക തിരിച്ചടച്ചത് ( എൻക്വയറി നം 29/29.11.22) |
| കണ്ണത്തുംപാറ വേലീരിപ്പൊറ്റ കുറ്റിയോട്ട്താഴം റോഡ്- മാട്ടത്തൊടി ഭാഗം കോൺക്രീറ്റ് ( 394/22 ) | 7370 (രസീത് നം 1220104359/ 30.11.2022 ) | ഫോം വർക്ക് ചെയ്യാതെ നടത്തിയ കോൺക്രീറ്റ് പ്രവൃത്തിക്ക് ഫോം വർക്ക് നിരക്ക് നൽകിയത്മൂലമുള്ള അധികച്ചെലവ് തിരിച്ചടച്ചത്. ( എൻക്വയറി നം 32/29.11.22) |
| പരപ്പത്തടം കുടിവെള്ള പദ്ധതി | 14214 | കിണറുകൾക്ക് നെറ്റ് സ്ഥാപിച്ചതിൽ |

| | | |
|---|---|---|
| | (രസീത് നം 1220104355/ 30.11.2022 ) | കമ്പിയുടെ അളവ് രേഖപ്പെടുത്തിയതിലെ വ്യത്യാസം മൂലം അധികം നൽകിയ തുക തിരിച്ചടച്ചത്<br>( എൻക്വയറി നം 35/29.11.22) |
| നവീകരണം ( 388/22 ) | 8929<br>(രസീത് നം 1220104356/ 30.11.2022 ) | PVC പൈപ്പ് സ്ഥാപിക്കാതെ അതിനുള്ള പണം നൽകിയത് തിരിച്ചടക്കുന്നത്<br>( എൻക്വയറി നം 35/29.11.22) |
| | 14806<br>(രസീത് നം 1220104357/ 30.11.2022 ) | മോട്ടോർ സ്ഥാപിച്ചതിൽ ഉപയോഗിക്കാത്ത സാധനങ്ങളുടെ വില അനുവദിച്ച് നൽകിയത് തിരിച്ചടച്ചത്.<br>( എൻക്വയറി നം 35/29.11.22) |
| ബഡ്സ് സ്കൂൾ കുടിവെള്ള പദ്ധതി ( 384/22 ) | ₹ 32259<br>(രസീത് നം 1220104358/ 30.11.2022 ) | നടപ്പാക്കാത്ത പ്രവൃത്തികൾക്ക് നൽകിയ തുക തിരിച്ചടച്ചത്<br>( എൻക്വയറി നം 36/29.11.22) |
| കരിയാത്തംകുഴി ലക്ഷം കോളനി റോഡ് പുനരുദ്ധാരണം ( 329/22) | ₹43062<br>(രസീത് നം 1220104360/ 30.11.2022 ) | എർത്ത് കട്ടിംഗ് പ്രവൃത്തിക്ക് ഉയർന്ന നിരക്ക് നൽകിയത്മൂലം അധികം നൽകിയ തുക തിരിച്ചടച്ചത്.<br>( എൻക്വയറി നം 38/29.11.22) |
| കോണത്ത് കുടിവെള്ള പദ്ധതി നവീകരണം ( 379/22 ) | ₹9213<br>(രസീത് നം 1220104361/ 30.11.2022 ) | കിണർ നെറ്റ് - നടപ്പാക്കാത്ത പ്രവൃത്തിക്ക് നൽകിയ തുക തിരിച്ചടച്ചത്<br>( എൻക്വയറി നം 39/30.11.22) |
| അല്ലമ്പ്ര എസ്.സി കോളനി റോഡ് എർത്ത് കട്ടിംഗ് കോൺക്രീറ്റ് ( 147/22) | ₹79292<br>(രസീത് നം 1220104471/ 05.12.2022 ) | എർത്ത് കട്ടിംഗ് പ്രവൃത്തിക്ക് ഉയർന്ന നിരക്ക് നൽകിയത്മൂലം അധികം നൽകിയ തുക തിരിച്ചടച്ചത്.<br>( എൻക്വയറി നം 38/29.11.22) |
| | 249611 | |

മരാമത്ത് പ്രവൃത്തി നടത്തിപ്പിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 എയ്ഡഡ് സ്കൂളിലെ ടോയ്‌ലെറ്റ് നിർമാണം - അപാകതകൾ

2021-22 വർഷത്തിൽ ₹ 199898 ചെലവഴിച്ച് "പാലക്കുഴി KMHMAMLP സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം" ( 349/22) എന്ന പ്രൊജക്ട് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിന് കൈമാറിയിട്ടില്ലാത്ത എയ്ഡഡ് സ്കൂളാണ് ഇത്.

2021-22 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവർമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് പറയുന്നത്.

സർക്കാർ LP/UP സ്കൂളുകളാണ് പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിന് കൈമാറിയത്. ആയതിനാൽ പഞ്ചായത്ത് പ്രദേശത്തെ സർക്കാർ LP/UP സ്കൂളുകളിൽ മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ച എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രമാണ് എയ്ഡഡ് സ്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നത് എന്ന് വ്യക്തമാണ്.

പഞ്ചായത്ത് നടപ്പാക്കിയ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ പ്രൊജക്ട് തയ്യാറാക്കിയതിലും നടപ്പാക്കിയതിലും താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1) സർക്കാർ സ്കൂളുകളിലെ സൗകര്യങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

മുഴുവൻ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ

ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാനാണ് അനുമതി ഉള്ളത്.

പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡപ്രകാരമുള്ള ടോയ്‌ലറ്റുകള്,മറ്റ് സൗകര്യങ്ങൾ ഉണ്ടോ എന്ന് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

2) ടോയ്‌ലറ്റ് ആവശ്യകത പരിഗണിക്കാതെ പ്രൊജക്ട് തയ്യാറാക്കി.

സർക്കാർ സ്കൂളുകളിൽ ആവശ്യത്തിന് ടോയ്‌ലറ്റ് ഉണ്ടെങ്കിലും എയ്ഡഡ് സ്കൂളുകൾക്ക് ആവശ്യത്തിനുള്ള ടോയ്‌ലറ്റ് ഇല്ല എങ്കിൽ മാത്രമാണ് അവർക്ക് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകേണ്ടതുള്ളൂ. ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും അവിടങ്ങളിൽ എത്ര ടോയ്‌ലറ്റ് യഥാർത്ഥത്തിൽ ലഭ്യമാണ് എന്നതിനെക്കുറിച്ചും വ്യക്തമായ പഠനം നടത്തി ആവശ്യകത നിർണ്ണയിച്ച ശേഷം ഏറ്റവും ആവശ്യകതയുള്ള സ്കൂളുകൾക്ക് മാത്രമാണ് ടോയ്‌ലറ്റ് പ്രൊജക്ട് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ ഇത്തരത്തിൽ പഠനം നടത്തിയതായി കാണുന്നില്ല.

3) ടോയ്‌ലറ്റ് നിർമിക്കുന്നതിന് സമ്മതം നേടിയിട്ടില്ല .

എയ്ഡഡ് സ്കൂളിൽ നിർമാണ പ്രവർത്തനം നടത്തണം എന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല.

4) ആനുകൂല്യം നൽകിയ സ്കൂളിനെ തെരഞ്ഞെടുത്ത മാനദണ്ഡം വ്യക്തമല്ല.

പഞ്ചായത്ത് പ്രദേശത്തെ പ്രവർത്തിക്കുന്ന വിവിധ എയ്ഡഡ് സ്കൂളുകളിൽ നിന്ന് ഈ ഒരു സ്കൂളിനെ പ്രത്യേകമായി തെരഞ്ഞെടുക്കുന്നതിന് അടിസ്ഥാനമാക്കിയ രേഖകൾ ഫയലിൽ ലഭ്യമല്ല.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചും സ്കൂൾ തെരഞ്ഞെടുക്കുന്നതിൽ സുതാര്യത നിലനിർത്തിയും മാത്രം പ്രൊജക്ടുകൾ നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-38 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2021-22 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പദ്ധതി നടത്തിപ്പ്

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 180 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 144 പ്രൊജക്ടുകളിലായി ആകെ 20839538 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 180 | ആകെ അടങ്കൽ | 29522303 |
| നടപ്പിലാക്കിയത് | 144 | ചെലവ് | 20839538 |
| ശതമാനം | 80 | ചെലവ് ശതമാനം | 70.6 |

II-റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാ നും തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III- ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

V) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽപഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്ട് രജിസ്റ്റർ , ടെണ്ടർ ഫോറം ഇഷ്യു രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല. ഹാജറാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു

സെക്യൂരിറ്റി രജിസ്റ്റർ

പരിശോധനക്ക് ലഭ്യമാക്കിയ സെക്യൂരിറ്റി രജിസ്റ്ററിൽ സെക്യൂറ്റി സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ , സെക്യൂരിറ്റി കാലാവധി, പ്രവൃത്തിയുടെ ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് , സെക്യൂറ്റി തിരിച്ചു നൽകേണ്ട കാലയളവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ടെണ്ടർരജിസ്റ്റർ

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായി വിവരങ്ങൾ എഴുതാതെയും , അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്പ്പെടുത്താതെയുമാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

VI) പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

VII) മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കുന്ന പ്രൊജക്ടുകൾ മോണിറ്ററിംഗ് കമ്മിറ്റി മോണിറ്റർ ചെയ്തതായി കാണുന്നില്ല. നടപ്പാക്കുന്ന പദ്ധതികളുടെ മോണിറ്ററിംഗ് നടത്തുന്നതിന് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കണം എന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമായി നിർദ്ദേശിച്ചതാണ്. പ്രൊജക്ടുകൾ മോണിറ്റർ ചെയ്ത മോണിറ്ററിംഗ് റിപ്പോർട്ട് ഫയല്ലിൽ സൂക്ഷിക്കേണ്ടതാണ്.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 ഓഡിറ്റ് പരാമർശങ്ങളിൽ തുടർ നടപടി സ്വീകരിക്കുന്നില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി അതിൻമേൽ പഞ്ചായത്ത് തീരുമാനമെടുത്ത് രണ്ട് മാസത്തിനകം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ക്രമക്കേടുകളും ന്യൂനതകളും പഞ്ചായത്ത് പരിഹരിക്കേണ്ടതും അതിൻമേൽ പഞ്ചായത്ത് കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് ഒരു റെക്ടിഫിക്കേഷൻ റിപ്പോർട്ട് ഓഡിറ്റർക്ക് അയച്ചു നൽകേണ്ടതാണെന്നും1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21 ൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം പരിശോധിച്ചതിൽ ഓഡിറ്റ് പരാമർശങ്ങളിൽ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കുന്നില്ല എന്ന് വ്യക്തമായി.

ഗ്രാമപ്പഞ്ചായത്തിന്റെ ഓഡിറ്റ് പരാമർശങ്ങളിൽ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-40 കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ പരിശോധനക്കായി ലഭ്യമാക്കിയ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് B 15 പ്രകാരം വിവിധ നികുതി നികുതിയിതര വരവിനത്തിൽ ലഭ്യമാകവാനുള്ള കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | കുടിശ്ശിക |
|---|---|
| Property Tax | 1838370 |
| Rent | 1321489 |
| Public Comfort Station | 20200 |
| Bus Stand Receipts | 62500 |
| ആകെ | 3242559 |

കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(01/22.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം

ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഉദ്ഘാടന ചെലവ് - സർക്കാർ നിർദേശ പ്രകാരമുള്ള പരിധി പാലിച്ചില്ല

വൗച്ചർ നമ്പർ / തിയ്യതി : 22100617/03.02.2022, തുക : 50,000/-

ഗ്രാമ പഞ്ചായത്തിലെ ഫാമിലി ഹെൽത്ത് സെന്റർ കെട്ടിട ഉദ്ഘാടന പരിപാടിക്കായി സെക്രട്ടറിയുടെ തനത് ഫണ്ട് ചെലവിൽ ഉൾപ്പെടുത്തി 50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പരിപാടിക്ക് പന്തലും, സൗണ്ട് മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശ്രീ. ആശിഖ്, സ്റ്റാർ പ്രൊഫഷണൽ സൗണ്ട് സിസ്റ്റം, വാഴക്കാടിന് 41,490 രൂപയും (ബിൽ നമ്പർ - 551/26.07.2021), ബാനറുകൾ നിർമ്മിച്ച് നൽകിയതിന്, ജി സൈൻ പ്രിന്റിംഗ് ഡിവിഷൻ, എടവണ്ണപ്പാറക്ക് 8510 രൂപയും (ബിൽ നമ്പർ - 265) നൽകിയിട്ടുണ്ട്.

28.12.2015 തിയ്യതിയിലെ സ.ഉ (സാധാ) 3866/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങുകൾക്ക് പരമാവധി 25,000/- രൂപയും, അല്ലാതെയുള്ള ഉദ്ഘാടനങ്ങൾക്ക് പരമാവധി 10,000/- രൂപയും കൗൺസിൽ / കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകിയിയിരുന്നു. മന്ത്രിമാർ പങ്കെടുത്ത മേൽ ഉദ്ഘാടന ചടങ്ങിന് പരമാവധി ചെലഴിക്കാവുന്ന തുക 25,000/- രൂപയായിരുന്നു.

അധിക തുക ചെലവഴിച്ചതിന് ആധാരമാക്കിയ അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/26.11.2022) ലഭ്യമാക്കിയ മറുപടിയിൽസംസ്ഥാന തലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ട മേൽ പരിപാടിക്ക് ഒരു ലക്ഷത്തിലധികം രൂപ ചെലവ് വന്നു എന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി 50,000/- രൂപ മാത്രമാണ് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് എന്നും പരാമർശിച്ചിട്ടുണ്ട്.

ഉദ്ഘാടന പരിപാടിയിൽ മന്ത്രിമാർ പങ്കെടുത്തിരുന്നു. പരാമർശ കാലയളവിൽ സർക്കാർ ഉത്തരവ് പ്രകാരം മന്ത്രിമാർ പങ്കെടുത്ത പരിപാടിക്ക് 25,000/- മാത്രമാണ് ചെലവഴിക്കുന്നതിന് അനുമതി ഉണ്ടായിരുന്നത്. അധികം തുക ചെലവഴിക്കുന്നതിന് മുമ്പ് സർക്കാരിൽ നിന്ന് മുൻകൂർ അനുമതി നേടിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് നൽകിയ മറുപടി സ്വീകാര്യമല്ല. അധികം ചെലവഴിച്ച 25,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2021-22 | 2021-22 വർഷത്തെ ഓഡിറ്റ് വേളയിൽ പരിശോധിച്ച | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 550000 | 68/22, സമഗ്ര നെൽകൃഷി വികസനം | 550000 | 0 |
| | 200000 | 1/22, ലൈഫ് ഭവന നിർമ്മാണം | 200000 | 0 |
| | 1800768 | 2/22, ലൈഫ് ഭവന നിർമ്മാണം | 1800768 | 0 |
| | 952400 | 15/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-ജനറൽ | 952400 | 0 |
| | 200000 | 150/22പരിരക്ഷ | 200000 | 0 |
| | 598716 | 360/22എളമരം സബ്സെന്ററിന് തുക നൽകൽ | 598716 | 0 |
| | 100000 | 216/22 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 954400 | 151/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-ജനറൽ | 954400 | 0 |
| | 150000 | 68/22, സമഗ്ര നെൽകൃഷി വികസനം | 150000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 259/22 പൊന്നാട് വാഴക്കാട് റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 22100581/28.01.22 | 1,00,000 | 1,00,000 | പൂർത്തീകരിച്ച | 0 |
| KSEB | 26/22 മുണ്ടംപറമ്പ് റോഡിൽനിന്നും പോസ്റ്റ് മാറ്റൽ | 22100770/27.08.21 | 15982 | 15982 | പൂർത്തീകരിച്ച | 0 |
| KSEB | 215/22വലിയപറമ്പത്ത് പുളിക്കത്തൊടി ശ്മശാന റോഡിലെ 4 പോസ്റ്റ് | 22100192/12.07.21 | 30000 | 30000 | പൂർത്തീകരിച്ച | 0 |

| | | | | | | |
|---|---|---|---|---|---|---|
| | മാറ്റൽ | | | | | |
| KSEB | 431/22 എളമരം യത്തീംഖാന അംഗനവാടിയിലേക്ക് ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കൽ | 2210081324.03.22 | 26726 | 26726 | പൂർത്തീകരിച്ചു | 0 |
| ANERT | 303/22 കെ എ റഹ്മാൻ ലൈബ്രറിക്ക് മുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ | 22100577/21.01.11 | 374000 | 0 | പൂർത്തീകരിച്ചിട്ടില്ല | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (Sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷൻ | - | 0 | 3826535 | 704000 | 0 | 3122535 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 36,41 | 2003-04 | പൊതുപരാമർശങ്ങൾ | ചോലക്കുഴി റോഡ് കീപ്രാട്ടുതാഴം വി.സി.ബി | നടപടി തുടർന്നു വരുന്നു |
| 2006-07 | 3(3) | 2010-11 | | | നടപടി തുടർന്നു വരുന്നു |
| 2007-08 മുതൽ 2009-10 വരെ | 3(2) | 2012-13 | | | നടപടി തുടർന്നു വരുന്നു |
| 2011-12, 2012-13 | 4(1) | 2014-15 | | നിഷ്ക്രിയ ആസ്തി | നടപടി തുടർന്നു |

| | | | | അവലോകനം | വരുന്ന |
|---|---|---|---|---|---|
| 2014-15,<br>2015-16 | 2(5), 2(1), 2(2)<br>2(1) | 2016-17<br>" | അനുബന്ധം | | " |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 1999-00 | 29(1), (2), 30 | ശ്രീ.പി.ഡി.നാരായണൻ, സെക്രട്ടറി | LF11508/Spl.Cell /SC5/04 Dt. 07.01.2016 | 3460 | തുക അടവാക്കി യിട്ടില്ല |
| 2 | 2011-12<br>2012-13 | 3(1) എ | ശ്രീ.എ.എം.ഷിബുസ്കോ, വി.ഇ.ഒ | LF11156/Spl.Cell /CSC/D1/15 Dt. 16.11.2017 | 8398455 | ഒ.എ 545/18KAT, EKM കേസിൽ ഉൾപ്പെട്ടു. തുക ഈടാക്കിയിട്ടില്ല |
| 3 | 2011-12<br>2012-13 | 3-8 | ശ്രീ.മുഹമ്മദ് റഹ്മത്തുള്ള | LF11156/Spl.Cell /CSC/D1/15 Dt. 16.11.2017 | 19730 | തുക അടവാക്കി യിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 119705649 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89469747 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25890 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 25000 | ശ്രീ സനൽകുമാർ എ പി, സെക്രട്ടറി |
| 1-24 | | 890 | ശ്രീ സനൽകുമാർ എ പി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

| പേര്/ഉദ്യോഗപ്പേര് | നിലവിലെ | സ്ഥിരം മേൽ |
|---|---|---|

| | മേൽവിലാസം | വിലാസം |
|---|---|---|
| ശ്രീ. സനൽകുമാർ എ പി,<br>സെക്രട്ടറി | | |
| | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1982-83 | എൽ.എഫ്.എം.9/1496/03 തി:23.10.2003 | 5 |
| 2 | 1983-84 | എൽ.എഫ്.എം.7/502/15 തി:26.06.2015 | 1 |
| 3 | 1998-99 | എൽ.എഫ്.എം.12/1507/03 തി:04.11.2003 | 27 |
| 4 | 1999-00 | എൽ.എഫ്.എം.12/974/02 തി:04.07.2007 | 18 |
| 5 | 2000-01 | എൽ.എഫ്.എം.7/2311/12(7) തി:29.06.2013 | 8 |
| 6 | 2001-02 | എൽ.എഫ്.എം.7/2311/12(8) തി:29.06.2013 | 10 |
| 7 | 2002-03 | എൽ.എഫ്.എം.7/215/05 തി:06.12.2005 | 22 |
| 8 | 2003-04 | എൽ.എഫ്.എം.14/1206/09 തി:28.10.2009 | 12 |
| 9 | 2004-05 | എൽ.എഫ്.എം.16/1496/10 തി:04.07.2011 | 11 |
| 10 | 2005-06 | എൽ.എഫ്.എം.16/1497/10 തി:11.07.2011 | 12 |
| 11 | 2006-07 | എൽ.എഫ്.എം.7/482/14 തി:02.06.2014 | 9 |
| 12 | 2007-08, 2008-09, 2009-10 | എൽ.എഫ്.എം.7/1644/12 തി:21.07.2012/ 05-09-2012 | 25 |
| 13 | 2010-11 | എൽ.എഫ്.എം.7/782/13 തി:07.01.2014 | 14 |
| 14 | 2011-12, 2012-13 | എൽ.എഫ്.എം.7/329/15 തി:27.03.2015/31.032015 | 33 |
| 15 | 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.7/1403/16 തി. 11-07-2016/29-07-2016 | 18 |
| 16 | 2015-16 | കെ.എസ്.എ.എം.പി.എം.7/31/2017 തി. 06-02-2017 | 25 |
| 17 | 2016-17 | കെ.എസ്.എ.എം.പി.എം.7/1881/2017 തി. 23-10-2017 | 21 |
| 18 | 2017-18 | കെ.എസ്.എ.എം.പി.എം.7/416/2019 തി. 23-03-2019 | 26 |
| 19 | 2018-19 | കെ.എസ്.എ.എം.പി.എം.7/1756/2019 തി. 29-07-2021 | 24 |
| 20 | 2019-20 | കെ.എസ്.എ.എം.പി.എം.7/1148/2021 തി. 24-08-2021 | 17 |
| 21 | 2020-21 | കെ.എസ്.എ.എം.പി.എം.7/1149/2021 തി.23.05.21 | 16 |

ഡെപ്യൂട്ടി ഡയറക്ടർ

എബികെ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്